# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 22.07.2024** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1. പാർലമെന്റിന്റെ വർഷകാല സമ്മേളനത്തിന് തുടക്കമായി; കേന്ദ്ര ബജറ്റ് നാളെ.

**Budget Session Of Parliament Begins Today; Union Budget To Be Presented Tomorrow.**

2. കേന്ദ്ര ബജറ്റിന് മുന്നോടിയായി ധനമന്ത്രി നിർമല സീതാരാമൻ സാമ്പത്തിക സർവേ റിപ്പോർട്ട് പാർലമെൻറിന്റെ മേശപ്പുറത്ത് വച്ചു; ഇന്ത്യ അതിവേഗം വളരുന്ന സമ്പദ്‌വ്യവസ്ഥയായി തുടരുന്നെന്ന് റിപ്പോർട്ട്.

**Finance Minister Nirmala Sitharaman Tabled The Economic Survey In Lok Sabha Today; India's Economy Continues To Grow Faster Says The Report .**

3. വികസിത ഭാരതം എന്ന കേന്ദ്രസർക്കാരിൻറെ ദൗത്യത്തിലേക്കുള്ള ശക്തമായ അടിത്തറയായിരിക്കും ഈ വർഷത്തെ ബഡ്ജറ്റെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.

**Prime Minister Narendra Modi has said that the Union Budget to be presented tomorrow will lay the foundation for fulfilling the dream of Viksit Bharat .**

4. കേരളത്തിൽ നിപ പ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതമായി തുടരുന്നു ; സമ്പർക്കപട്ടികയിൽ തിരുവനന്തപുരം, പാലക്കാട് ജില്ലകളിൽ ഉള്ളവരും ഉൾപ്പെട്ടിട്ടുണ്ടെന്ന് ആരോഗ്യമന്ത്രി വീണാ ജോർജ്ജ്.

**In Kerala, The precautionary measures against Nipah is on full pace; Minister Veena George said that the natives of Thiruvananthapuram, Palakkad are among the contact list**

5. കർണാടകയിൽ മണ്ണിടിച്ചിലിൽ കാണാതായ കോഴിക്കോട് സ്വദേശി അർജുനായുള്ള തെരച്ചിൽ ഊർജ്ജിതം .

The search for the Kozhikode native Arjun who went missing in Karnataka landslide is in progress

6. ഏഷ്യാകപ്പ് വനിതാ ട്വൻറി - 20 ക്രിക്കറ്റിൽ ഇന്ന് ഉച്ചയ്ക്ക് ശ്രീലങ്ക - മലേഷ്യ പോരാട്ടം.

In Asia cup Women T 20 cricket, Srilanka will take over Malaysia today

$$$$$$$$$$$$$$$$$$$$$$

## HEADLINE-1

### PARLIAMENT- MONSOON SESSION

പാർലമെന്റിന്റെ വർഷകാല സമ്മേളനത്തിന് തുടക്കമായി. നാളെയാണ് കേന്ദ്ര ബജറ്റ്. പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ നേതൃത്വത്തിലുള്ള മൂന്നാം സർക്കാർ അധികാരത്തിലെത്തിയതിന് ശേഷമുള്ള ആദ്യ ബജറ്റാണിത്. സമ്മേളന കാലയളവിൽ, ആറ് പുതിയ ബില്ലുകൾ സർക്കാർ അവതരിപ്പിക്കും. അടുത്ത മാസം 12 വരെയാണ് സഭ സമ്മേളിക്കുന്നത്.

$$$$$$$$$$$$$$$$$$$$$$

## HEADLINE-2

### ECONOMIC SURVEY(INTRO)

*ബജറ്റ് സമ്മേളനത്തിന്റെ ആദ്യ ദിനമായ ഇന്ന് 2023-2024 വർഷത്തെ സാമ്പത്തിക സർവേ റിപ്പോർട്ട് ധനമന്ത്രി നിർമല സീതാരാമൻ പാർലമെന്റിന്റെ മേശപ്പുറത്ത് വച്ചു. ഇന്ത്യ അതിവേഗം വളരുന്ന സമ്പദ്‌വ്യവസ്ഥയായി തുടരുകയാണെന്ന് റിപ്പോർട്ട് വ്യക്തമാക്കുന്നു. ആഗോളതലത്തിൽ പ്രതിസന്ധികൾ നേരിട്ടിട്ടും സാമ്പത്തിക സ്ഥിരത നിലനിർത്താൻ സാധിച്ചത് പ്രതിസന്ധികളെ നേരിടാൻ രാജ്യത്തെ സഹായിച്ചതായി റിപ്പോർട്ടിൽ പറയുന്നു.*

*മുഖ്യ സാമ്പത്തിക ഉപദേഷ്ടാവ് ഡോ.വി.അനന്ത നാഗേശ്വരന്റെ മേൽനോട്ടത്തിൽ ധനമന്ത്രാലയത്തിലെ സാമ്പത്തിക കാര്യ വകുപ്പാണ് രേഖ തയാറാക്കിയത്.*

*വിശദാംശങ്ങളിലേക്ക്........*

*(VOICE)*

*സമ്പദ് വ്യവസ്ഥയെക്കുറിച്ചുള്ള റിപ്പോർട്ട് കാർഡ്, സമ്പദ് വ്യവസ്ഥയുടെ തൽസ്ഥിതി, നയപരമായ വെല്ലുവിളികൾ തുടങ്ങിയവയുടെ വിശദമായ വിവരങ്ങളാണ് സാമ്പത്തിക സർവേയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. സമ്പദ്‌വ്യവസ്ഥയുടെ വിവിധ മേഖലകളെക്കുറിച്ചുള്ള സ്ഥിതി-വിവര കണക്കുകളും വിശകലനങ്ങളും, തൊഴിൽ, ജി.ഡി.പി വളർച്ച, പണപ്പെരുപ്പം, ബജറ്റ് കമ്മി എന്നിവയെക്കുറിച്ചുള്ള വിവരങ്ങളും സാമ്പത്തിക സർവേയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 2024-25 സാമ്പത്തിക വർഷത്തേക്കുള്ള ഇന്ത്യയുടെ സാമ്പത്തിക വളർച്ചാ പ്രവചനം 6.8 ശതമാനത്തിൽ നിന്ന് 7 ശതമാനമായി* ***IMF*** *ഉയർത്തിയ സാഹചര്യത്തിലാണ് സർവേ അവതരിപ്പിക്കുന്നത്. ഇക്കഴിഞ്ഞ ജൂണിൽ, ആർ ബി ഐ വളർച്ചാ പ്രവചനം 7 ശതമാനത്തിൽ നിന്ന് 7.2 ആയി ഉയർത്തിയിരുന്നു. എല്ലാ വർഷവും കേന്ദ്ര ബജറ്റ് അവതരിപ്പിക്കുന്നതിന് ഒരു ദിവസം മുമ്പാണ് സാമ്പത്തിക സർവേ റിപ്പോർട്ട് അവതരിപ്പിക്കുന്നത്. ന്യൂസ് ഡെസ്ക് ആകാശവാണി*

**$$$$$$$$$$$$$$$$$$$$$$**

## HEADLINE-3

**PARL- PM EARLY**

*വികസിത ഭാരതം എന്ന കേന്ദ്രസർക്കാരിൻറെ ദൗത്യത്തിലേക്കുള്ള ശക്തമായ അടിത്തറയായിരിക്കും ഈ വർഷത്തെ ബഡ്ജറ്റെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. രാജ്യത്തിൻറെ അമൃതകാലത്തിന് വളരെ നിർണായകമാണ് കേന്ദ്ര ബഡ്ജറ്റെന്നും അദ്ദേഹം പറഞ്ഞു. ബജറ്റ് സമ്മേളനത്തിന് മുന്നോടിയായി പാർലമെൻറിന് പുറത്ത് മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു പ്രധാനമന്ത്രി .*

*(ഹോൾഡ് പി.എം. വോയിസ്)*

*വരുന്ന അഞ്ചു വർഷം എല്ലാ പാർട്ടികളും രാഷ്ട്രീയപ്രവർത്തനങ്ങൾക്കുപരി രാജ്യത്തിൻറെ വികസനത്തിന് വേണ്ടി സ്വയം സമർപ്പിക്കണമെന്ന് പ്രധാനമന്ത്രി അഭ്യർത്ഥിച്ചു. അടുത്ത തിരഞ്ഞെടുപ്പ് വരുന്നത് വരെ രാജ്യത്തെ കർഷകരുടെയും യുവാക്കളുടെയും സ്ത്രീകളുടെയും ശാക്തീകരണത്തിന് വേണ്ടി പ്രവർത്തിക്കണമെന്നും അദ്ദേഹം പറഞ്ഞു.*

$$$$$$$$$$$$$$$$$$$$$$

## HEADLINE-4

### NIPAH KERALA

കേരളത്തിൽ നിപ ബാധിച്ച് മരിച്ച കുട്ടിയുടെ സമ്പർക്ക പട്ടികയിൽ തിരുവനന്തപുരം പാലക്കാട് ജില്ലകളിൽ ഉള്ളവരും ഉൾപ്പെട്ടിട്ടുണ്ടെന്ന് ആരോഗ്യമന്ത്രി വീണാജോർജ്. ആകെ 350 പേർ സമ്പർക്കപട്ടികയിൽ, ഹൈ റിസ്ക് വിഭാഗത്തിൽ 101 പേരാണുള്ളത്. അതേസമയം,

നിപ വ്യാപനം തടയുന്നതിന് അടിയന്തര നടപടികളെടുക്കാൻ സംസ്ഥാന സർക്കാരിന് കേന്ദ്ര നിർദ്ദേശം നൽകി. പ്രതിരോധ നടപടികളിൽ സംസ്ഥാനത്തെ പിന്തുണയ്ക്കുന്നതിനായി ICMR ന്റെ ആറംഗ വിദഗ്ധ സംഘം കോഴിക്കോട്ടെത്തി. നിപ ബാധിതനായിരുന്ന കുട്ടിയുമായി സമ്പർക്കത്തിൽ വന്നവരുടെ സ്രവ പരിശോധനയ്ക്കായി പൂനെ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നുള്ള മൊബൈൽ ലാബും ഇന്നെത്തും.

കേരളത്തിലെ നിപ സ്ഥിതിഗതികൾ വിലയിരുത്തുന്നതിനും രോഗ പ്രതിരോധത്തിന് സാങ്കേതിക സഹായം നൽകുന്നതിനുമായി കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിന്റെ നാഷണൽ വൺ ഹെൽത്ത് മിഷനിൽ നിന്നുള്ള സംയുക്ത സംഘത്തെ നിയോഗിക്കുമെന്ന് മന്ത്രാലയം നേരത്തെ അറിയിച്ചിരുന്നു.

$$$$$$$$$$$$$$$$$$$$$$

### LS-NEET PAPER LEAK

നീറ്റ്-യുജി പേപ്പർ ചോർച്ചയുമായി ബന്ധപ്പെട്ട് രാജ്യത്ത് ഇതുവരെ ഒരു സംഭവം മാത്രമാണ് റിപ്പോർട്ട് ചെയ്തതെന്ന് കേന്ദ്ര വിദ്യാഭ്യാസ മന്ത്രി ധർമേന്ദ്ര പ്രധാൻ . പട്നയിൽ നടന്ന സംഭവത്തിൽ സിബിഐ അന്വേഷണം നടത്തുകയാണെന്നും നീറ്റ് പരീക്ഷാ വിഷയം സുപ്രീം കോടതിയുടെ പരിഗണനയിലാണെന്നും അദ്ദേഹം പറഞ്ഞു. ഇന്ന് ലോക്സഭയിൽ ചോദ്യോത്തര വേളയിൽ മറുപടി പറയവെ, രാജ്യത്ത് പേപ്പർ ചോർച്ച സംഭവങ്ങൾ വ്യാപകമായെന്ന പ്രതിപക്ഷ പാർട്ടികളുടെ ആരോപണങ്ങൾ അദ്ദേഹം തള്ളി. രാജ്യത്തെ പരീക്ഷാ സമ്പ്രദായത്തിൽ അതീവ ഗുരുതരമായ പ്രശ്നമുണ്ടെന്ന് ആരോപിച്ച് പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി നേരത്തെ വിഷയം ഉന്നയിച്ചിരുന്നു. വിഷയത്തിൽ

പ്രധാനമന്ത്രിയെ അദ്ദേഹം വിമർശിച്ചു. പാർലമെന്റിന്റെ ബജറ്റ് സമ്മേളനത്തിൻ്റെ ആദ്യ ദിവസമായ ഇന്ന് സഭയിൽ സമാജ്‌വാദി പാർട്ടിയിലെ അഖിലേഷ് യാദവ്, ആർഎസ്പിയുടെ എൻകെ പ്രേമചന്ദ്രൻ എന്നിവരുൾപ്പെടെയുള്ള പ്രതിപക്ഷ എംപിമാരും പേപ്പർ ചോർച്ച വിഷയം സഭയിൽഉന്നയിച്ചു.

രാജ്യസഭയിൽ, സമ്മേളനത്തിന്റെ ആദ്യ ദിവസമായ ഇന്ന് രാവിലെ സഭ സമ്മേളിച്ചപ്പോൾ, കവാർ യാത്രാ റൂട്ടുകളിൽ കടകൾ ആവശ്യപ്പെട്ട് യുപി സർക്കാർ റിപ്പോർട്ട് ചെയ്ത വിഷയത്തിൽ കോൺഗ്രസ്, ഇടതുപക്ഷം, തൃണമൂൽ, തൃണമൂൽ കോൺഗ്രസ് തുടങ്ങിയ പാർട്ടികൾ നൽകിയ അടിയന്തര പ്രമേയ നോട്ടീസ് ചെയർമാൻ ജഗ്ദീപ് ധൻഖർ തള്ളി.

$$$$$$$$$$$$$$$$$$$$$$

**CENTRE – RSS**

സർക്കാർ ജീവനക്കാർ ആർഎസ്എസ് ന്റെ പ്രവർത്തനങ്ങളിൽ പങ്കെടുക്കുന്നതിനുള്ള വിലക്ക് കേന്ദ്രം പിൻവലിച്ചു . 1966 ൽ ഇന്ദിര ഗാന്ധി സർക്കാരിന്റെ കാലത്താണ് വിലക്ക് ഏർപ്പെടുത്തിയത്. ഹരിയാന, ഹിമാചൽ പ്രദേശ്, മധ്യപ്രദേശ്, ഛത്തീസ്ഗഢ് എന്നിവയുൾപ്പെടെ നിരവധി സംസ്ഥാന സർക്കാരുകൾ നിരോധനം നേരത്തെ തന്നെ നീക്കം ചെയ്തിട്ടുണ്ട്.

$$$$$$$$$$$$$$$$$$$$$$

## HEADLINE-5

**KARNATAKA SEARCH**

കർണാടകയിലെ ഷിരൂരിൽ മണ്ണിടിച്ചിലിൽ കാണാതായ കോഴിക്കോട് സ്വദേശി അർജുനെ കണ്ടെത്താനായി കരസേനയുടെ നേതൃത്വത്തിൽ തിരച്ചിൽ പുരോഗമിക്കുന്നു. മോശം കാലാവസ്ഥയും, കനത്ത മഴയും രക്ഷാ ദൗത്യം സങ്കീർണ്ണമാക്കിയിരിക്കുകയാണ്. വിദഗ്ധരുടെ നേതൃത്വത്തിൽ ഗംഗാവാലി നദിയിൽ ഉൾപ്പെടെയാണ് ഇപ്പോൾ തിരച്ചിൽ നടക്കുന്നത്.

$$$$$$$$$$$$$$$$$$$$$$

**SC – PETITION**

കർണാടകയിൽ കാണാതായ അർജുന് വേണ്ടിയുള്ള തിരച്ചിൽ വേഗത്തിലാക്കണമെന്ന് ആവശ്യപ്പെട്ടുള്ള ഹർജി സുപ്രീംകോടതി ഇന്ന് പരിഗണിക്കും. അടിയന്തര ഇടപെടൽ ആവശ്യപ്പെട്ട് അഭിഭാഷകൻ സുഭാഷ് ചന്ദ്രനാണ് ഹർജി നൽകിയത്. ദൗത്യം സൈന്യത്തെ ഏൽപ്പിച്ച് രാവും പകലും രക്ഷാപ്രവർത്തനം തുടരണമെന്ന് കേന്ദ്രസർക്കാരിനും കർണാടക സർക്കാരിനും നിർദേശം നൽകണമെന്നും ഹർജിയിൽ ആവശ്യപ്പെട്ടിട്ടുണ്ട്.

**$$$$$$$$$$$$$$$$$$$$$$**

**WEATHER KERALA**

കേരളത്തിൽ വ്യാഴാഴ്ച വരെ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. വടക്കൻ ജില്ലകളായ കണ്ണൂർ, കാസറഗോഡ് എന്നിവിടങ്ങളിൽ ഇന്ന് മഞ്ഞ ജാഗ്രത നിർദ്ദേശമുണ്ട്. വ്യാഴാഴ്ച വരെ കർണാടക തീരത്ത് മത്സ്യബന്ധനത്തിന് വിലക്ക് എർപ്പെടുത്തി.

**$$$$$$$$$$$$$$$$$$$$$$**

## HEADLINE-6

**ASIA CUP**

ശ്രീലങ്കയിൽ നടക്കുന്ന ഏഷ്യാകപ്പ് വനിതാ ട്വന്റി-20 ക്രിക്കറ്റിൽ ഇന്ന് ശ്രീലങ്ക മലേഷ്യയെ നേരിടും. ഉച്ചയ്ക്ക് രണ്ട് മണിക്കാണ് മത്സരം. വൈകിട്ട് നടക്കുന്ന രണ്ടാം മത്സരത്തിൽ ബംഗ്ലാദേശ് - തായ്‌ലൻറുമായി ഏറ്റുമുട്ടും.

**$$$$$$$$$$$$$$$$$$$$$$**

**Terrorist killed J AND K**

ജമ്മു കശ്മീരിലെ രജൗരി ജില്ലയിൽ ഉണ്ടായ ഏറ്റുമുട്ടലിൽ ഒരു ഭീകരനെ സുരക്ഷാസേന വധിച്ചു. ഭീകരരുടെ ആക്രമണത്തിൽ ഒരു സൈനികന് പരിക്കേറ്റു. ഗുന്ധ ഖവാസ് ഗ്രാമത്തിൽ ഇന്ന് പുലർച്ചെ മൂന്ന് മണിയോടെയാണ് ഏറ്റുമുട്ടലുണ്ടായതെന്ന് സുരക്ഷാ ഉദ്യോഗസ്ഥർ അറിയിച്ചു. സേനയ്ക്ക് നേരെ ഭീകരർ വെടിയുതിർക്കുകയായിരുന്നു എന്നാണ് റിപ്പോർട്ട്.

**$$$$$$$$$$$$$$$$$$$$$$**

**HOME - PADMA AWARD**

പരമോന്നത സിവിലിയൻ ബഹുമതികളിലൊന്നായ പത്മ പുരസ്കാരങ്ങൾക്ക് സെപ്റ്റംബർ 15 വരെ നാമനിർദേശം സമർപ്പിക്കാം. 2025 ലെ പത്മ അവാർഡുകൾക്കുള്ള നാമനിർദ്ദേശങ്ങളും ശുപാർശകളും രാഷ്ട്രീയ പുരസ്കാർ പോർട്ടലിൽ ഓൺലൈനായി സ്വീകരിക്കുമെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രാലയം അറിയിച്ചു. പത്മവിഭൂഷൺ, പത്മഭൂഷൺ, പത്മശ്രീ തുടങ്ങിയ പത്മ പുരസ്കാരങ്ങൾ രാജ്യത്തെ പരമോന്നത സിവിലിയൻ പുരസ്കാരങ്ങളിൽ ഒന്നാണ്. 1954-ൽ ആരംഭിച്ച പത്മ പുരസ്കാരങ്ങൾ എല്ലാ വർഷവും റിപ്പബ്ലിക് ദിനത്തോടനുബന്ധിച്ചാണ് പ്രഖ്യാപിക്കുന്നത്. കല, സാഹിത്യം, വിദ്യാഭ്യാസം, കായികം, വൈദ്യം, സാമൂഹിക പ്രവർത്തനം, ശാസ്ത്രം, എഞ്ചിനീയറിംഗ്, വ്യാപാരം, വ്യവസായം എന്നീ മേഖലകളിലെ വിശിഷ്ടവും അസാധാരണവുമായ നേട്ടങ്ങൾക്കാണ് പുരസ്കാരം നൽകുന്നത്. ഡോക്ടർമാരും ശാസ്ത്രജ്ഞരും ഒഴികെ പൊതുമേഖലാ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നവർ ഉൾപ്പെടെയുള്ള സർക്കാർ ജീവനക്കാർ പത്മ അവാർഡിന് അർഹരല്ല.

**$$$$$$$$$$$$$$$$$$$$$$**

## MANN KI BAAT

പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടിയായ മൻ കി ബാത് ഈ മാസം 28ന്. മൻ കി ബാത്തിന്റെ 112 - ാം പതിപ്പാണിത്. പൊതുജനങ്ങൾക്ക് പരിപാടിയെ കുറിച്ചുള്ള അഭിപ്രായങ്ങളും ആശയങ്ങളും MyGov, NaMo ആപ്പ് വഴിയും 1800-11-7800 എന്ന ടോൾ ഫ്രീ നമ്പറിലും വെള്ളിയാഴ്ച വരെ അറിയിക്കാവുന്നതാണ്.

**$$$$$$$$$$$$$$$$$$$$$$**

## SC-ASHISH MISHRA

എട്ട് പേരുടെ മരണത്തിനിടയാക്കിയ 2021 ലെ ലഖിംപൂർഖേരി വാഹനാപകട കേസിൽ മുൻ കേന്ദ്രമന്ത്രി അജയ് മിശ്രയുടെ മകൻ ആശിഷ് മിശ്രയ്ക്ക് സുപ്രീം കോടതി ജാമ്യം അനുവദിച്ചു.

**$$$$$$$$$$$$$$$$$$$$$$**

**$$$$$$$$$$$$$$$$$$$$$$**

**$$$$$$$$$$$$$$$$$$$$$$**